Draft #9 of File 18000/AD A5-2/2020/REG SECT Approved by ASSISTANT REGISTRAR II (ADMIN) on 10-Dec-2021 11:51 AM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സർവ്വകലാശാല പഠനവകുപ്പുകളിലെ ഗസ്റ്റ് അദ്ധ്യാപക നിയമനം - ജോലി സമയം ക്രമീകരിക്കൽ - വേതനം പരിഷ്കരിക്കൽ - മാർഗ്ഗ നിർദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് - 20.10.2021ലെ സിൻഡിക്കേറ്റ് യോഗ തീരുമാനപ്രകാരം പുറപ്പെടുവിച്ച 06.12.2021ലെ സർവകലാശാല ഉത്തരവ് പരിഷ്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 5 സെക്ഷൻ**

നമ്പർ. 6953/AD A 5/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 10.12.2021

---

*പരാമർശം:*-1. സർവ്വകലാശാലാ ഉത്തരവ് നം.3256/എ5(3)2018/ഭരണ വിഭാഗം തിയതി 11/4/2018
2. സർവ്വകലാശാലാ ഉത്തരവ് നമ്പർ 4291 /AD A5/2021 എം.ജി.യു തീയതി 01.09.2021
3. 20.11.2021ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നം. 169/21.05/18000/ADA5 -2/2020
4.സർവ്വകലാശാല ഉത്തരവ് നമ്പർ 6767/AD A5/2021 എം.ജി.യു തീയതി 06.12.2021

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം സർവ്വകലാശാലാ പഠന വകുപ്പുകളിലെ ഗസ്റ്റ് അദ്ധ്യാപകരെ ഉപാധികളോടെ നിയമിക്കാൻ അതാത് വകുപ്പ് മേധാവികളെ ചുമതലപ്പെടുത്തിയിരുന്നു.

പരാമർശം (2) പ്രകാരം, സർവ്വകലാശാലാ പഠന വകുപ്പുകളിലെ ഗസ്റ്റ് അദ്ധ്യാപകരുടെ ജോലി സമയം ക്രമീകരിക്കൽ, വേതനം പരിഷ്കരിക്കൽ തുടങ്ങിയവ സംബന്ധിച്ച് 01/09/2021 ൽ സർവ്വകലാശാലാ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പരാമർശം (2) സർവ്വകലാശാലാ ഉത്തരവ് വ്യവസ്ഥകൾ സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതോടെ, ഗസ്റ്റ് അദ്ധ്യാപക നിയമനം സംബന്ധിച്ച് പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ രൂപീകരിക്കുന്നത് സംബന്ധിച്ച വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയുണ്ടായി.

20.11.2021ൽ കൂടിയ സർവ്വകലാശാലാ സിൻഡിക്കേറ്റ് യോഗം പരാമർശം (3) പ്രകാരം സർവ്വകലാശാലാ പഠന വകുപ്പുകളിലെ ഗസ്റ്റ് അദ്ധ്യാപകരുടെ ജോലി സമയം ക്രമീകരിക്കൽ, വേതനം പരിഷ്കരിക്കൽ എന്നിവയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

1. സർവ്വകലാശാലാ ഉത്തരവ് നം. 3256/എ5(3)/2018/ഭരണവിഭാഗം തിയതി 11/4/2018 പ്രകാരം ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കുവാൻ സ്കൂൾ/ വകുപ്പ് തലവന്മാരെ ചുമതലപ്പെടുത്തിയിരുന്നത് ഒഴിവാക്കി പൊതുവായ സംവരണ തത്വങ്ങൾ പാലിച്ച് സർവ്വകലാശാല നേരിട്ട് വിജ്ഞാപനം പുറപ്പെടുവിച്ച് നിയമന നടപടികൾ സ്വീകരിക്കുവാനും
2. ഗസ്റ്റ് അദ്ധ്യാപകരുടെ നിയമനം തികച്ചും താൽക്കാലികവും, സർവ്വകലാശാലയുമായുള്ള ഒരു കരാറിന് വിധേയവുമായി മാത്രം നടത്തുവാനും.



മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

3. നിയമിക്കപ്പെടേണ്ട ഗസ്റ്റ് അദ്ധ്യാപകരുടെ എണ്ണം, വിഷയം, യോഗ്യത, സ്കൂളിലെ ജോലിഭാരം എന്നിവ സംബന്ധിച്ച റിപ്പോർട്ട് വകുപ്പ് മേധാവികൾ എല്ലാ വർഷവും ഫെബ്രുവരി മാസം സർവ്വകലാശാലയിൽ ലഭ്യമാക്കുന്നതിനും, സർവ്വകലാശാല മാർച്ച് മാസത്തിൽ നിയമന നടപടികളെടുത്ത് ഏപ്രിൽ/ മെയ് മാസങ്ങളിലായി റാങ്ക് പട്ടിക പ്രസിദ്ധീകരിച്ച് അക്കാദമിക വർഷം തുടങ്ങുന്ന തിയതി പ്രാബല്യത്തിൽ ടി ഗസ്റ്റ് അദ്ധ്യാപകരെ വിവിധ സ്കൂളുകളിൽ നിയമിക്കുന്നതിനും.

4. നിയമിക്കപ്പെടേണ്ട ഗസ്റ്റ് അദ്ധ്യാപകരുടെ എണ്ണം തീരുമാനിക്കുമ്പോൾ ബന്ധപ്പെട്ട സ്കൂളുകളിലെ ജോലി ഭാരം കൃത്യമായി കണക്കാക്കുകയും നിലവിലുള്ള സ്ഥിരം അധ്യാപകരുടെ പരമാവധി ജോലിഭാരത്തിന് പുറമെയുള്ളതിന് മാത്രം ഗസ്റ്റ് അദ്ധ്യാപകരെ നിർദ്ദേശിക്കുന്നതിനും, അത്തരത്തിൽ ഗസ്റ്റ് അദ്ധ്യാപക നിയമനത്തിന് നിർദ്ദേശം സമർപ്പിക്കുമ്പോൾ പരമാവധി ബന്ധപ്പെട്ട സ്കൂളിന് അനുവദിക്കപ്പെട്ട അദ്ധ്യാപക തസ്തികകൾ മാത്രം പരിഗണിക്കുന്നതിനും, ആയതിന് പുറമെയുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുമ്പോൾ ജോലി ഭാരം ഉൾപ്പടെയുള്ള കാര്യകാരണങ്ങൾ വ്യക്തമായി അറിയിക്കേണ്ടതാണ് എന്നും, ഏത് സാഹചര്യത്തിലും അനുവദിക്കപ്പെട്ട തസ്തികകളുടെ പരമാവധി 20% വരെ അധികം എന്ന വ്യവസ്ഥയിൽ മാത്രമേ ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കാവൂ എന്നും.

5. ഗസ്റ്റ് അദ്ധ്യാപകരുടെ യോഗ്യത, യുജിസി റെഗുലേഷൻ പ്രകാരമുള്ള സ്ഥിരം യൂണിവേഴ്സിറ്റി അസിസ്റ്റന്റ് പ്രൊഫസർമാരുടെ യോഗ്യതക്ക് തത്തുല്യമായിരിക്കുമെന്നും.

6. ഗസ്റ്റ് അദ്ധ്യാപകരുടെ സേവനകാലം ഒരു അക്കാദമിക വർഷമായിരിക്കുമെന്നും അക്കാദമിക വർഷത്തിന്റെ ആദ്യ ദിനത്തിൽ ജോലിയിൽ പ്രവേശിക്കുന്ന ഗസ്റ്റ് അദ്ധ്യാപകൻറെ സേവനം ടി അക്കാദമിക വർഷത്തിന്റെ അവസാന ദിനം അവസാനിപ്പിച്ചുവെന്ന് വകുപ്പ് മേധാവി ഉറപ്പു വരുത്തേണ്ടതാണെന്നും, നിയോഗിക്കപ്പെടുന്ന ഗസ്റ്റ് അദ്ധ്യാപകന് യാതൊരു കാരണവശാലും വിജ്ഞാപനം കൂടാതെ തുടർ നിയമനം ലഭിക്കുന്നതല്ലെന്നും, ഓരോ ഗസ്റ്റ് അദ്ധ്യാപകരും സർവ്വകലാശാലയുമായി ഒരു കരാറിൽ ഏർപ്പെടേണ്ടതാണെന്നും.

7. നിലവിൽ ജോലി ചെയ്യുന്ന ഗസ്റ്റ് അദ്ധ്യാപകർക്ക് ഇപ്പോഴുള്ള സേവന കാലാവധി അവസാനിക്കുന്നത് വരെയോ, അക്കാദമിക വർഷം തീരുന്നതു വരെയോ, സർവ്വകലാശാല ഇറക്കുന്ന പുതിയ റാങ്ക് പട്ടിക നിലവിൽ വരുന്നത് വരെയോ ഏതാണോ ആദ്യം അത് വരെ തുടരാമെന്നും.

8. ഗസ്റ്റ് അദ്ധ്യാപകർക്ക് സർവ്വകലാശാലാ ഉത്തരവ് നം.4291/AD A5/2021/എംജിയു തിയതി 01/09/2021 പ്രകാരമുള്ള വേതനം ലഭിക്കുന്നതാണെന്നും, ജോലിഭാരം, പഠന സെഷൻ എന്നിവ സ്ഥിരം അദ്ധ്യാപകരുടെ നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരമായിരിക്കുമെന്നും.

9. സർവ്വകലാശാലാ/ കോളജ് സേവനത്തിൽ നിന്നും വിരമിച്ച അദ്ധ്യാപകരെയും പരമാവധി പ്രായം 70 വയസ്സ് വരെ എന്ന വ്യവസ്ഥയിൽ ഗസ്റ്റ് അദ്ധ്യാപകരായി നിയമിക്കുന്നതിന് പരിഗണിക്കുന്നതിനും.

10. ഗസ്റ്റ് അദ്ധ്യാപകർക്ക്, സ്ഥിരം അദ്ധ്യാപകർക്ക് ലഭിക്കുന്ന മറ്റ് സേവന ആനുകൂല്യങ്ങൾ ഒന്നും ലഭിക്കുന്നതല്ലെന്നും.

11. സർവ്വകലാശാല ഉത്തരവ് നമ്പർ 4291 /AD A5/2021 എം.ജി.യൂ തീയതി 01.09.2021 പ്രകാരമുള്ള വേതനം നിലവിലുള്ള ഗസ്റ്റ് അദ്ധ്യാപകർക്കും 01.09.2021 പ്രാബല്യത്തിൽ നൽകുന്നതിനും.



Draft #9 of File 18000/AD A5-2/2020/REG SECT Approved by ASSISTANT REGISTRAR II (ADMIN) on 10-Dec-2021 11:51 AM - Page 2

ഇത് സംബന്ധിച്ച് പുറപ്പെടുവിച്ചിരുന്ന പരാമർശം (4) സർവ്വകലാശാല ഉത്തരവിൽ സെക്ഷന്റെ പേര് തെറ്റായി രേഖപ്പെടുത്തിയതിനാൽ ടി ഉത്തരവ് രജിസ്ട്രാറുടെ അനുമതിയോടെ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബിജു എം എസ്

അസിസ്റ്റന്റ് രജിസ്ട്രാർ 2 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. എല്ലാ പഠന വകുപ്പ് മേധാവികൾ/ സെന്റർ കോഓർഡിനേറ്റർമാർ
2. വി.സി./ പി.വി.സി. എന്നിവരുടെ പി.എസ്.മാർ
3. രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
4. ഓഡിറ്റ്/ ഫിനാൻസ്/ എഡി ഡി./ ബജറ്റ് സെക്ഷനുകൾ
5. ജെ. ആർ. I/ ഡി. ആർ. II / എ. ആർ. II (ഭരണം)
6. ജെ.ആർ./ ഡി. ആർ./ എ.ആർ. (ഫിനാൻസ് )
7. ജോയിന്റ് ഡയറക്ടർ, കെ.എസ്.എ. ഡി.
8. എഡി എ 2/ എഡി എ 7/ എഡി എ 9/ എൻ. എസ്. I, II/ എസി. സി
9. ഓഡിറ്റ് 1 /ഓഡിറ്റ് 5
10. അക്കൗണ്ട്സ് 1/ അക്കൗണ്ട്സ് 3
11. ജനറൽ ക്യാഷ്
12. സിറ്റാഡ്/ കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ/ ഐ.ക്യു.എ.സി
13. റെക്കോർഡ്സ്/ സ്റ്റോക് ഫയൽ/ ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #9 of File 18000/AD A5-2/2020/REG SECT Approved by ASSISTANT REGISTRAR II (ADMIN) on 10-Dec-2021 11:51 AM - Page 3